**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.639 28/02/2018-ൽ മറുപടിയ്ക്ക്**

## പി.കെ. കാളൻ കുടുംബപദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.ഉമ്മർ :** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | ആദിവാസി മേഖലകൾക്ക് പുറത്ത് പല ജില്ലകളിലായി ചിന്നിചിതറി താമസിക്കുന്ന ആദിവാസി കുടുംബങ്ങൾക്ക് ആദിവാസി ഉപപദ്ധതി ഫണ്ട് ലഭ്യമാക്കുന്നതിലേക്കായി മൈക്രോപ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | ആദിവാസി മേഖലകൾക്ക് പുറത്ത് പല ജില്ല കളിലായി ചിന്നിചിതറി താമസിക്കുന്ന ആദിവാസി കുടുംബങ്ങൾക്ക് ആദിവാസി ഉപപദ്ധതി ഫണ്ട് ലഭ്യമാക്കുന്നതിലേക്കായി പി.കെ.കാളൻ കുടുംബ ക്ഷേമപദ്ധതി പ്രകാരം മൈക്രോ പ്ലാനുകൾ രൂപീകരിക്കുന്നതിനുള്ള നടപടി കുടുംബശ്രീ മുഖേന പുരോഗമിക്കുകയാണ്. മൈക്രോപ്ലാനുകൾ തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ തുക അനുവദിക്കുവാൻ സാധിക്കുകയുള്ളു. ആലപ്പുഴ ജില്ലയിലെ മൈക്രോപ്ലാൻ അംഗീകരിച്ചു. പാലക്കാട് ജില്ലയിൽ മൈക്രോ പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനം നടന്നു വരികയാണ്. |
| (ബി) | പി.കെ. കാളൻ കുടുംബപദ്ധതി നടപ്പിലാക്കുന്നതിലേക്കായി വകയിരുത്തിയ ഇരുപത്തി അഞ്ച് കോടി രൂപയിൽ എത്ര രൂപ നാളിതുവരെ ചെലവാക്കിയിട്ടുണ്ട്; | | |
| (സി) | പ്രസ്തുത പദ്ധതിക്കായി എ.റ്റി.എസ്.പി -യിൽ നീക്കി വച്ച ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ